2024 JUNE 25 TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ടിന്റി 20 ലോകകപ്പ് ഇന്ത്യ സെമിയിൽ

**സെന്റ് ലൂസിയ:** ഐസിസി ടിന്റി 20 ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ കടന്ന് ഇന്ത്യ. ഗ്രൂപ്പിൽ അവസാന മത്സരത്തിൽ ഇന്ത്യ 24 റൺസിന് ഓസ്ട്രേലിയയെ തോൽപ്പിച്ചാണ് സെമി ഉറപ്പിച്ചത്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ അഞ്ചു വിക്കറ്റിന് 205 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയയ്ക്ക് 20 ഓവറിൽ ഏഴു വിക്കറ്റിന് 181 റൺസെടുക്കാനെ കഴിഞ്ഞുള്ളു.



രോഹിത് ശർമ്മയ്ക്ക് വേഗമേറിയ അർദ്ധ സെഞ്ചുറിയിൽ റെക്കോഡ്

അതേസമയം ഓസ്ട്രേലിയയുടെ സെമി പ്രവേശനം ഇന്ന് നടക്കുന്ന അഫ്ഗാനിസ്ഥാൻ ബംഗ്ലാദേശ് മത്സരത്തിൻറെ ഫലം അനുസരിച്ചാകും. അഫ്ഗാനിസ്ഥാൻ ജയിച്ചാൽ ഓസീസ് പുറത്താകും.

ക്യാപ്റ്റൻ രോഹിത് ശർമയുടെ 92 റൺസ് മികവിലാണ് ഇന്ത്യ ഇരുന്നൂറ് കടന്നത്. ഇന്ത്യയെ ബാറ്റിംഗിനു വിടാനുള്ള തീരുമാനം ശരിയെന്ന് വ്യക്തമാക്കുന്നതു പോലെയായിരുന്നു ഓസീസ് ബൗളർ തുടങ്ങിയത്.

രണ്ടാം ഓവറിൽ റണ്ണൊന്നുമെടുക്കാതെ നിന്ന വിരാട് കോഹ്‌ലിയെ ജോഷ് ഹെയ്സൽവുഡ് ടിം ഡേവിഡിൻറെ കൈകളിലെത്തിച്ചു. ഋഷഭ് പന്തും (14 പന്തിൽ 15) വേഗം മടങ്ങി. ഇതിനിടെ ടിന്റി 20 ചരിത്രത്തിൽ രോഹിത്തിൻറെ ഏറ്റവും വേഗമേറിയ അർധസെഞ്ചുറിയും പിറന്നു. ഇന്ത്യൻ സ്കോർ 52ലെത്തിയപ്പോൾ 50 റൺസും രോഹിത്തിൻറേതായിരുന്നു. അന്താരാഷ്ട്ര ടിന്റി 20യിൽ ഒരു ബാറ്റർ അർധ സെഞ്ചുറി നേടുന്പോളുള്ള ഏറ്റവും കുറഞ്ഞ ടോട്ടലാണിത്.

സൂര്യകുമാറിനൊപ്പം രോഹിത് ശർമയ്ക്കു കൂടുതൽ നേരം ക്രീസിൽ ചെലവഴിക്കാനായില്ല. 34 റൺസ് കൂട്ടുകെട്ട് സ്ഥാപിച്ച ശേഷം ഇവർ പിരിഞ്ഞു. സെഞ്ചുറിയിലേക്കു കുതിക്കുകയായിരുന്ന രോഹിത്തിനെ യോർക്കറിലൂടെ സ്റ്റാർക്ക് ക്ലീൻബൗൾഡാക്കി. 41 പന്തിൽ 92 റൺസ് നേടിയ നായകൻറെ ബാറ്റിൽനിന്ന് എട്ട് സിക്സും ഏഴു ഫോറുമാണ് പിറന്നത്.

പുരുഷ ടിന്റി 20 ലോകകപ്പിൽ ഒരു ഇന്ത്യൻ നായകൻെറ ഏറ്റവും ഉയർന്ന സ്കോറാണിത്. ഇന്ത്യൻ സ്കോർ 159ലെത്തിയപ്പോൾ സൂര്യകുമാറിനെ (31) സ്റ്റാർക്ക് വിക്കറ്റ്കീപ്പർ മാത്യു വേഡിൻറെ കൈകളിലെത്തിച്ചു. പിന്നീടെത്തിയവരിൽ ശിവം ദുബെ (28), ഹാർദിക് പാണ്ഡ്യ (27*) എന്നിവർ തിളങ്ങിയതോടെ ഇന്ത്യയുടെ സ്കോർ 200 കടന്നു.

മറുപടി ബാറ്റിംഗിൽ ഓസീസിന് ആദ്യ ഓവറിൽ തന്നെ ഡേവിഡ് വാർണറെ (ആറ്) നഷ്ടമായി. പിന്നീട് ട്രാവിസ് ഹെഡും മിച്ചൽ മാർഷും ചേർന്ന് ആക്രമിച്ചു കളിച്ചതോടെ ഓസീസ് സ്കോർ ഉയർന്നു. 81 റൺസ് ഈ കൂട്ടുകെട്ടിൽ പിറന്നത്. 28 പന്തിൽ 37 റൺസുമായി തകർപ്പൻ ബാറ്റിംഗ് കാഴ്ചവച്ച മാർഷിനെ ബൗണ്ടറി ലൈനിനരുകിൽവച്ച് മികച്ചൊരു ഒറ്റക്കൈ ക്യാച്ചിൽ അക്സർ പട്ടേൽ പിടികൂടി. കുൽദീപ് യാദവിനായിരുന്നു വിക്കറ്റ്.

ഹെഡിനൊപ്പം ഗ്ലെൻ മാക്സ് വെല്ലും ചേർന്ന് റൺ ഉയർത്തിക്കൊണ്ടിരുന്നു. മാക്സ്‌വെല്ലിനെ (12 പന്തിൽ 20) ക്ലീൻബൗൾഡാക്കി കുൽദീപ് യാദവ് ഇന്ത്യക്ക് ആശ്വാസം നൽകി. അക്സർ പട്ടേലിനെ റിവേഴ്സ് സ്വീപ്പ് ചെയ്ത മാർക്കസ് സ്റ്റോയിനിസ് പന്ത് നേരെ ഹാർദിക് പാണ്ഡ്യയുടെ കൈകളിലെത്തിച്ച് പുറത്തേക്കു നടന്നു. വൈകാതെ 43 പന്തിൽ നാലു സിക്സും ഒൻപത് ഫോറും സഹിതം 76 റൺസ് നേടിയ ഹെഡ് പുറത്തായതോടെ ഓസീസ് തോൽവിയിലേക്കു പതിച്ചു.

## നീറ്റ് പരീക്ഷാ ക്രമക്കേട്
# 5 കേസുകൾ കൂടി ഏറ്റെടുത്ത് സിബിഐ

**ന്യൂഡൽഹി:** നീറ്റ് യുജി പരീക്ഷാ ക്രമക്കേടിൽ രജിസ്റ്റർ ചെയ്ത അഞ്ചു കേസുകൾ കൂടി സിബിഐ ഏറ്റെടുത്തു. ഗുജറാത്ത്, രാജസ്ഥാൻ, ബിഹാർ പൊലീസ് സേനകൾ രജിസ്റ്റർ ചെയ്ത കേസുകളാണ് കേന്ദ്ര ഏജൻസി ഏറ്റെടുത്തത്. ഇതോടെ, പരീക്ഷാ ക്രമക്കേടിൽ സിബിഐ രജിസ്റ്റർ ചെയ്തത് ആറു കേസുകളായി. ഇതിനിടെ, മഹാരാഷ്ട്ര ഭീകര വിരുദ്ധ സ്ക്വാഡ് ലാത്തൂരിലെ സ്കൂൾ അധ്യാപകനെ അറസ്റ്റ് ചെയ്തു. പണം നൽകാൻ തയാറുള്ള വിദ്യാർഥികളെ സഹായിക്കാൻ ശ്രമിക്കുന്ന ഗൂഢ സംഘവുമായി അധ്യാപകനു ബന്ധമുണ്ടെന്ന് എടിഎസ്. ഈ സംഘത്തിലെ നാലു പേർക്കെതിരേ കേസെടുത്തു.



അതേസമയം, നീറ്റ് പിൻവലിച്ച് 2013 വരെ നിലവിലുണ്ടായിരുന്ന സംവിധാനം പുനഃസ്ഥാപിക്കണമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ആവശ്യപ്പെട്ടു. സംസ്ഥാനങ്ങൾ നേരിട്ടു പരീക്ഷ നടത്തുന്നതായിരുന്നു ഈ സംവിധാനം. പതിനെട്ടാം ലോക്‌സഭയുടെ ആദ്യ ദിനമായ ഇന്നലെ സമ്മേളനത്തിനെത്തിയ പ്രതിപക്ഷ എംപിമാർ വിഷയം ഉന്നയിച്ചു. സർക്കാർ പാർലമെൻറിൽ വിശദീകരിക്കണമെന്നാണ് പ്രതിപക്ഷത്തിൻറെ ആവശ്യം. വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ പ്രതിപക്ഷാംഗങ്ങൾ നീറ്റ് എന്ന് മുദ്രാവാക്യം മുഴക്കുകയും ചെയ്തു.

ക്രമക്കേട് വിവാദം കൊഴുക്കുകയും വിദ്യാർഥികളുടെ പ്രക്ഷോഭം രൂക്ഷമാകുകയും ചെയ്തതോടെ നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ ഡയറക്റ്റർ ജനറൽ സുബോധ് സിങ്ങിനെ സർക്കാർ നീക്കിയിരുന്നു. പ്രദീപ് സിങ് ഖരോലയ്ക്കാണ് ഇപ്പോൾ എൻടിഎയുടെ അധിക ചുമതല. ഇസ്രൊ മുൻ മേധാവി കെ. രാധാകൃഷ്ണൻറെ നേതൃത്വത്തിൽ എൻടിഎയുടെ പ്രവർത്തനം പുനഃക്രമീകരിക്കാനും പരീക്ഷാ പരിഷ്കരണത്തിനും ഏഴംഗ പാനൽ രൂപീകരിച്ചിട്ടുണ്ട്.

## 77 വർഷത്തെ ഇടവേള; ഇന്ത്യ ബംഗ്ലദേശ് ട്രെയിൻ സർവീസ് വീണ്ടും

**കൊൽക്കത്ത:** ഇന്ത്യയും ബംഗ്ലദേശും തമ്മിലുള്ള സൗഹൃദം ശക്തമാക്കാൻ പുതിയ ട്രെയിൻ സർവീസ്. ബംഗ്ലദേശിലെ രാജ്ഷാഹിക്കും കൊൽക്കത്തയ്ക്കും ഇടയിലാണു ട്രെയിൻ വരുന്നത്. 77 വർഷത്തെ ഇടവേളയ്ക്കു ശേഷമാണു രാജ്ഷാഹി കൊൽക്കത്ത ട്രെയിൻ സർവീസ് പുനരാരംഭിക്കുന്നത്. കഴിഞ്ഞ ശനിയാഴ്ച ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബംഗ്ലദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കു ശേഷമായിരുന്നു പ്രഖ്യാപനം.



ഇന്ത്യയ്ക്കും ബംഗ്ലദേശിനും ഇടയിലുള്ള നാലാമത്തെ രാജ്യാന്തര ട്രെയിനാണിത്. കൊൽക്കത്തയാക്ക 'മൈത്രീ എക്സ്പ്രസ്', കൊൽക്കത്തഖുൽന 'ബന്ധൻ എക്സ്പ്രസ്', ന്യൂ ജൽപായ്ഗുഡിധാക്ക 'മിതാലി എക്സ്പ്രസ്' എന്നിവയാണു മുൻഗാമികൾ. രാജ്ഷാഹികൊൽക്കത്ത ട്രെയിൻ സർവീസ് പുനരാരംഭിക്കുന്നതു വടക്കൻ ബംഗ്ലദേശിലെയും രാജ്ഷാഹി ഡിവിഷനിലെയും ജനങ്ങൾക്ക് ഏറെ ഗുണകരമാകും. യാത്ര സുഗമമാക്കുന്നതിനൊപ്പം ഇന്ത്യയുമായി നല്ല ആശയവിനിമയ ബന്ധം സൃഷ്ടിക്കാനും പുതിയ ട്രെയിൻ വഴിയൊരുക്കുമെന്നാണു ബംഗ്ലാദേശിലുള്ളവർ കരുതുന്നത്.

## സിംബാബ്‌വെ പര്യടനം: സഞ്ജു സാംസൺ വിക്കറ്റ് കീപ്പർ

**മുംബൈ:** ജൂലൈയിൽ ആരംഭിക്കുന്ന സിംബാബ്‌വെ പര്യടനത്തിനുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. ശുഭ്മാൻ ഗില്ലാണ് ക്യാപ്റ്റൻ. മലയാളി താരം സഞ്ജു സാംസൺ ടീമിൽ ഇടം നേടി. സഞ്ജു സാംസണാണ് വിക്കറ്റ് കീപ്പർ. അഞ്ച് മത്സരങ്ങളടങ്ങിയ ടി20 പരമ്പര 15 അംഗ ടീമിനെയാണ് തെരഞ്ഞെടുത്തത്.രണ്ടാം വിക്കറ്റ് കീപ്പറായി ഇഷാൻ കിഷന് അവസരം ലഭിച്ചില്ല പകരം ധ്രുവ് ജുറേൽ രണ്ടാം വിക്കറ്റ് കീപ്പറായി ടീമിലുണ്ട്.



ഇന്ത്യൻ ടീം: ശുഭ്മാൻ ഗിൽ (ക്യാപ്റ്റൻ), യശസ്വി ജയ്സ്വാൾ, ഋതുരാജ് ഗെയ്ക്‌വാദ്, അഭിഷേക് ശർമ, റിങ്കു സിങ്, സഞ്ജു സാംസൺ, ധ്രുവ് ജുറേൽ, നിതീഷ് റെഡ്ഡി, റിയാൻ പരാഗ്, വാഷിങ്ടൻ സുന്ദർ, രവി ബിഷ്ണോയ്, ആവേശ് ഖാൻ, ഖലീൽ അഹമദ്, മുകേഷ് കുമാർ, തുഷാർ ദേശ്പാണ്ഡെ.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഇൻഡോ ആസ്ട്രേലിയ എക്സലൻസ് അവാർഡ് സ്പോർടസ് മാൻ ഓഫ് ദി ഇയർ പുരസ്ക്കാരം നേടിയ ഡബ്ല്യുബിസി മിഡിൽ വെയ്റ്റ് ബോക്സിംഗ് ചാംപ്യനും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ എസ് വിനോദിന് ഓസ്ട്രേലിയയിലെ ബ്രിസ്ബെയിൻ ക്യൂൻസ് ലാന്റ് പാർലമെന്റ് ഹാളിൽ നടന്ന സമ്മേളനത്തിൽ ഓസ്ട്രേലിയൻ പാർലമെന്റ് സ്പീക്കർ മിൽട്ടൺ ഡിക്ക് എംപി അവാർഡ് സമ്മാനിക്കുന്നു. ട്രേസി ഹ്യൂസ്, അഡ്വ.കെ വി സാബു, ഡോ.പ്രീതി സൂരജ്, ജോൺ പോൾ എംപി, വിനോദ് മാനുവൽ സമീപം

# ഡബ്ല്യുബിസി (കെയർ) പ്രവർത്തനങ്ങൾ വ്യാപിക്കണം: ഓസ്ട്രേലിയൻ പാർലമെന്റ് സ്പീക്കർ

## ഇൻഡോ ആസ്ട്രേലിയൻ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** വേൾഡ് ബോക്സിംഗ് കൗൺസിൽ (ഡബ്ല്യുബിസി)-കെയർ ന്റെ പ്രവർത്തനങ്ങൾ ലോകമെങ്ങും വ്യാപിപ്പിക്കണമെന്നും ഇതിനായി ഡബ്ല്യുബിസി ബോക്സിംഗ് ചാംപ്യനും മലയാളിയുമായ കെ എസ് വിനോദിന്റെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണയുണ്ടെന്നും ഓസ്ട്രേലിയൻ പാർലമെന്റ് സ്പീക്കർ മിൽട്ടൺ ഡിക്ക് എംപി.

ഓസ്ട്രേലിയിലെ ബ്രിസ്ബെയിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഡോ ആസ്ട്രേലിയൻ ഫ്രണ്ടസ്ഷിപ്പ് അസോസിയേഷനും വിൻഗ്രൂപ്പ് അസോസിയേഷനും സംയുക്തമായി ഏർപ്പെടുത്തിയ ഇൻഡോ ആസ്ട്രേലിയ എക്സലൻസ് അവാർഡ് വിതരണം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇൻഡോ ആസ്ട്രേലിയ എക്സലൻസ് അവാർഡ്ന്റെ ഭാഗമായുള്ള സ്പോർടസ് മാൻ ഓഫ് ദി ഇയർ പുരസ്ക്കാരത്തിന് 2023 ലെ ഡബ്ല്യുബിസി മിഡിൽ വെയ്റ്റ് ബോക്സിംഗ് ചാംപ്യനും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ എസ് വിനോദിനെ തിരഞ്ഞെടുത്തിരുന്നു.

ഇത് കൂടാതെയുള്ള മറ്റു പുരസ്കാരങ്ങൾക്ക് ഇന്ത്യയിൽ നിന്നും ഓസ്ട്രേലിയയിൽ നിന്നുമായി 10 പേരാണ് അർഹരായിരുന്നത്. ഇതിൽ അവാർഡ് ലഭിച്ച ഇന്ത്യക്കാരിൽ കെസ് വിനോദ് ഉൾപ്പെടെ മൂന്നു പേർ മലയാളികളായിരുന്നു. സാമൂഹ്യപ്രവർത്തകനും അഭിഭാഷകനുമായ അഡ്വ. കെ വി സാബു, ഐടി മേഖലയിൽ പ്രവർത്തിക്കുന്ന മോബി കെ. ബാബു എന്നിവരാണ് അവാർഡിന് അർഹരായ മറ്റു മലയാളികൾ. ഇവർക്കുള്ള അവാർഡുകളും സ്പീക്കർ മിൽട്ടൺ ഡിക്ക് എംപി വിതരണം ചെയ്തു. ബ്രിസ്ബെയിൻ ക്യൂൻസ് ലാന്റ് പാർലമെന്റ് ഹാളിൽ നടന്ന സമ്മേളനത്തിൽ ക്യൂൻസ് ലാന്റ് പ്രതിപക്ഷ നേതാവ് ജോൺ പോൾ എംപി അധ്യക്ഷത വഹിച്ചു.

റെഡ്ലാന്റ് സിറ്റി ഡിവിഷൻ കൗൺസിലർ ട്രേസി ഹ്യൂസ് മുഖ്യ അതിഥിയായിരുന്നു. ഫെഡറേഷൻ ഓഫ് ഇൻഡ്യൻ കമ്മ്യൂണിറ്റീസ് ഓഫ് ക്യൂൻസ് ലാന്റ് പ്രസിഡന്റ് ഡോ. പ്രീതി സൂരജ്, ബ്രിസ്ബെയ്ൻ ബേസൈഡ് സൗത്ത് ഇൻഡ്യൻ അസോസിയേഷൻ പ്രസിഡന്റും വിൻഗ്രൂപ്പ് കൺസൾട്ടൻസി ഓസ്ട്രേലിയൻ ചാപ്റ്റർ ഡയറക്ടർ വിനോദ് മാനുവൽ, കെ എസ് വിനോദ്, അഡ്വ. കെ വി സാബു, മോബി കെ. ബാബു തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ഓസ്ട്രേലിയൻ പാരമ്പര്യ കലാപരിപാടികളും കേരളത്തിന്റെ ഭരത നാട്യവും അരങ്ങേറി.

# വിദ്യാജ്യോതി പുരസ്കാര വിതരണം

**കൊച്ചി:** ഇടപ്പള്ളി ചേന്ദൻ കുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര സംരക്ഷണ സമിതി ഏർപ്പെടുത്തിയ 2024 വർഷത്തെ ചേന്ദൻകുളങ്ങരയപ്പൻ വിദ്യാജ്യോതി പുരസ്ക്കാരം ചിന്മയ അന്തർദേശീയ കേന്ദ്രം ആചാര്യൻ സംപൂജ്യശാരദാനന്ദ സരസ്വതി സ്വാമികൾ, 10, 12 ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് നൽകിഅനുമോദിക്കുകയും, അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.വിദ്യാഭ്യാസത്തോടൊപ്പം രാഷ്ട്രത്തിന് അനുകൂലമായ ചിന്ത വേണമെന്നും, പ്രകൃതിയെ സംരക്ഷിക്കാൻ ഒരു വൃക്ഷത്തെയെങ്കിലും ഇത്തരം സന്തോഷത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കണമെന്നും സ്വാമിജിഉത്ബോധിപ്പിച്ചു.ചടങ്ങിൽ കേരളക്ഷേത്ര സംരക്ഷണ സമിതി ശാഖാ പ്രസിഡന്റ് ബി ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു്.പ്രൊഫ.പി.ജി. ഗംഗാധരൻ നായർ (രക്ഷാധികാരി) എൻ. അനിൽകുമാർ (മേഖലാ സെക്രട്ടറി) , സോമരാജ് (ജില്ലാസെക്രട്ടറി) ,കെ. ബിജുകുമാർ ( ശാഖാ സെക്രട്ടറി),പി.ജി അനിൽകുമാർ ( താലൂക്ക് സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു





# നെസ്റ്ററ പുതിയ ഹോം ഡെക്കോർ ഫാബ്രിക്സ് ശേഖരം അവതരിപ്പിച്ചു

**കൊച്ചി:** പ്രീമിയം ഹോം ഫർണിഷിംഗ് ബ്രാൻഡായ നെസ്റ്ററ ആധുനിക ഗൃഹാലങ്കാരത്തിൽ മികവേകാൻ 'നെസ്റ്ററ 4.0' അവതരിപ്പിച്ചു.

തുണിത്തരങ്ങളുടെ 12 വ്യത്യസ്ത ശേഖരങ്ങൾ വരുന്നതാണ് 'നെസ്റ്ററ 4.0'. മൃദുവായ പോളിസ്റ്റർ കോട്ടൺ, പോളിസ്റ്റർ ലിനൻ എന്നിവയുടെ ആഡംബര മിശ്രിതത്തിൽ നിർമ്മിച്ച തുണിത്തരങ്ങൾ മുതൽ 'ട്രൈബ് ലൂം' പോലെയുള്ള വ്യത്യസ്തയാൽ സമ്പന്നമാണ് ഈ ശേഖരമെന്ന് നെസ്റ്ററയിലെ വിപി ഹോം ടെക്സ്റ്റൈൽസ് ആൻഡ് ഡിസൈൻ വിദഗ്ധ സ്മിത ജോഷി പറഞ്ഞു.

തങ്ങളുടെ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്ന ഇടങ്ങളായ വീടുകളിൽ തനതായ വ്യക്തിത്വങ്ങളെ പ്രതിഫലിപ്പിക്കാൻ വൈവിധ്യമാർന്നതും പ്രായോഗികവുമായ ഡിസൈനുകൾ ശേഖരമാണ് നെസ്റ്ററ 4.0 ഉപഭോക്താക്കൾക്കായി പ്രത്യേകം ക്യൂറേറ്റ് ചെയ്ത സോഫ്റ്റ് ഫർണിഷിംഗ് സൊല്യൂഷനുകൾ നൽകുകയെന്ന ലക്ഷ്യത്തോടെ കെകെ ബിർള ഗ്രൂപ്പിന്റെ കമ്പനിയായ സത്‌ലജ് ടെക്സ്റ്റൈൽസിന് കീഴിൽ വരുന്നതാണ് നെസ്റ്ററ.

# മില്ലറ്റുകളുടെ ഉൽപാദനവും, വിതരണവും വർധിപ്പിക്കും

**കൊച്ചി :** കേരളത്തിലെ കലാലയങ്ങളുമായി സഹകരിച്ചു മില്ലറ്റുകളുടെ ഉൽപാദനവും, വിതരണവും, ഉപയോഗവും വർധിപ്പിക്കുന്നതിനും, സാധാരണക്കാരുടെ നിത്യ ഭക്ഷണത്തിൽ മില്ലറ്റ് ഉൾപ്പെടുത്തുന്ന തരത്തിൽ ഭക്ഷണ രീതിയിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ ഇടപെടൽ വിവിധ സംവിധാനങ്ങളുമായി സഹകരിച്ചു നടത്തുന്നതിനു ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം തീരുമാനിച്ചു.

ട്രസ്റ്റിന്റെ 19 ാമത് വാർഷിക പൊതുയോഗം പാലാരിവട്ടം പി.ഒ.സിയിൽ ചേർന്നു. ഡോ. കെ. കെ. യൂസഫ്, ഫാ: പ്രശാന്ത് പാലക്കാപ്പിള്ളി, ഫാ. ജേക്കബ് പാലക്കാപ്പിള്ളി . എം. എം. അബ്ബാസ് എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി. രക്ഷാധികാരികൾ ജസ്റ്റിസ് കെ. സുകുമാരൻ, ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി, ഫാ: എം. കെ ജോസഫ് ചെയർമാൻ പി. ബാലനാരായണൻ, വൈസ് ചെയർമാൻ ഡോ. കെ. കെ. യൂസഫ്, ജനറൽ സെക്രട്ടറി പി. എം. സണ്ണി. സെക്രട്ടറിമാരായി പി. കെ. സുനിൽ നാഥ്, ജോഷി വർഗീസ്, ട്രഷറർ കെ. എസ്. ഷേർളി, ഉപദേശക സമതി അംഗങ്ങളായി എം.എം.അബ്ബാസ്, ഫാ. പ്രശാന്ത് പാലക്കാപ്പിള്ളി, ജിയോ ജോസ് എന്നിവരെ തിരഞ്ഞെടുത്തു.

# ബന്ധൻ നിഫ്റ്റി ടോട്ടൽ മാർക്കറ്റ് മ്യൂചൽ ഫണ്ട്

**കൊച്ചി:** ബന്ധൻ നിഫ്റ്റി ടോട്ടൽ മാർക്കറ്റ് ഇൻഡക്സ് ഫണ്ടുമായി ബന്ധൻ മ്യൂചൽ ഫണ്ട്.ഇന്ത്യൻ ഇക്വിറ്റി മാർക്കറ്റിന്റെ 95% പ്രതിനിധീകരിക്കുന്ന, ലാർജ്, മിഡ്, സ്മോൾ, മൈക്രോ ക്യാപ്സുകളിലുടനീളമുള്ള 750 സ്റ്റോക്കുകൾ ഉൾപ്പെടുന്ന വൈവിധ്യമാർന്ന പോർട്ട്ഫോളിയോയിൽ നിക്ഷേപിക്കാൻ ഈ ഫണ്ട് നിക്ഷേപകർക്ക് അവസരം നൽകുന്നു.

പുതിയ ഫണ്ട് ഓഫർ (എൻഎഫ്ഒ) ജൂലൈ 5ന് അവസാനിക്കും.




# ജർമൻ ഭാഷാ പ്രാവീണ്യം നേടിയ നഴ്സുമാരെ ആദരിച്ച് കേന്ദ്രമന്ത്രി

**ന്യൂഡൽഹി:** ജർമൻഭാഷയിൽ ബി1 ലെവൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 32 നഴ്സുമാരെ ന്യൂഡെൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രാവീണ്യ വികസന, സംരഭകത്വ (എംഎസ്ഡിഇ) വകുപ്പു മന്ത്രി (സ്വതന്ത്ര ചുമതല) ജയന്ത് ചൗധരി ആദരിച്ചു. ഇന്ത്യയിൽ നിന്നുള്ള നഴ്സുമാർക്ക് ആഗോള തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനുള്ള പ്രോത്സാഹനമായാണ് ചടങ്ങ് സംഘടിപ്പിച്ചത്.

സ്കിൽ ഇന്ത്യാ മിഷനു കീഴിലെ സ്കിൽ ഇന്ത്യാ ഇന്റർനാഷനൽ സംഘടിപ്പിച്ച 2, 3 മാസ കാലാവധിയുള്ള റെസിഡെൻഷ്യൽ കോഴ്സ് പൂർത്തിയാക്കിയവരെയാണ് ആദരിച്ചത്. ഇന്ത്യയെ തൊഴിൽപ്രാവീണ്യം നേടിയവരുടെ ആഗോള ഹബ്ബാക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമാണ് ഈ പരിശീലന പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ബിഎസ് സി നഴ്സിംഗ് അല്ലെങ്കിൽ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി (ജിഎൻഎം) എന്നീ ബിരുദങ്ങൾ ലഭിച്ചവരെയാണ് ഈ പരിശീലന പരിപാടി ലക്ഷ്യമിടുന്നത്. ജർമൻ വംശജരായ ഭാഷാ വിദഗ്ധരാണ് ഈ പരിപാടിയിലെ പരിശീലകർ.വയോധികരുടെ എണ്ണം ഉയർന്ന നിൽക്കുന്ന ജർമനിയിൽ മാത്രം 18 ലക്ഷം തൊഴിലവസരങ്ങളാണ് ആരോഗ്യരക്ഷാ മേഖലയിലുള്ളത്.

ഇതു കണക്കിലെടുത്താണ് സ്കിൽ ഇന്ത്യാ ഇന്റർനാഷനൽ വിവിധ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.തൊഴിൽപ്രാവീണ്യം നേടിയ 58,000 ഇന്ത്യക്കാരാണ് ഈയിടെ മാത്രം വിവിധ രാജ്യങ്ങളിൽ ജോലികളിൽ പ്രവേശിച്ചത്. ഇവർക്ക് മികച്ച പരിശീലനം നൽകുന്നതിനു നേതൃത്വം നൽകിയ വികസന, സംരഭകത്വ വകുപ്പിനേയും എൻഎസ്ഡിസി ഇന്റർനാഷനലിനേയും മന്ത്രി അഭിനന്ദിച്ചു. ജർമൻ അംബാസഡർ ഡോ ഫിലിപ്പ് അക്കെർമാൻ, എംഎസ്ഡിഇ സെക്രട്ടറി അതുൽ കുമാർ തിവാരി, എഎൻഎസ്ഡിസി സിഇഒയും എംഡിയുമായ വേദ് മണി തിവാരി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ഓക്സില അക്കാദമിയുമായി ചേർന്നാണ് എൻഎസ്ഡിസി ഈ ജർമൻഭാഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

# സൂക്ഷ്മ സംരംഭകരെ ശാക്തീകരിക്കാൻ ഓറിഫ്ളെയിം

**കൊച്ചി:** മുൻനിര സ്വീഡിഷ് ബ്യൂട്ടി ബ്രാൻഡായ ഓറിഫ്ളെയിം ഇന്ത്യയിലെ സൂക്ഷ്മ സംരംഭകരെ പ്രോൽസാഹിപ്പിച്ചുകൊണ്ട് അടുത്ത അഞ്ചു വർഷങ്ങൾക്കുള്ളിൽ ഒരു ദശലക്ഷം ബ്രാൻഡ് പങ്കാളികളെ വളർത്തിയെടുക്കും. രാജ്യവ്യാപകമായി സ്റ്റാർട്ടപ്പ് സംസ്ക്കാരം പ്രോൽസാഹിപ്പിക്കാനും ഇതു സഹായകമാകും. തങ്ങൾ മുൻഗണന നൽകുന്ന വിപണികളിലൊന്നാണ് ഇന്ത്യയെന്നും ഓറിഫ്ളെയിം പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ വർധിപ്പിക്കാനും സ്വാശ്രയത്വം വളർത്താനുമുള്ള സർക്കാർ നയങ്ങൾക്കു അനുസൃതമായതു കൂടിയാണ് ഈ നീക്കം.

ORIFLAME
SWEDEN

കൊച്ചിയിൽ നടത്തിയ രണ്ടു ദിവസത്തെ ശിൽപശാലയിൽ ഓറിഫ്ളെയിം 400 ഡയറക്ടർ തല ബ്രാൻഡ് പങ്കാളികളെ പരിശീലിപ്പിച്ചു. വ്യക്തികളെ ബ്രാൻഡ് പങ്കാളികളാക്കുന്ന വിധത്തിലാണ് ബ്രാൻഡ് ഈ നീക്കങ്ങൾ നടത്തുന്നത്.

ഓറിഫ്ളെയിമിനെ സംബന്ധിച്ച് ഇന്ത്യ ഒരു സുപ്രധാന വിപണിയായയണെന്നും ഓറിഫ്ളെയിം ഇന്ത്യയിൽ വിൽക്കുന്ന ഉൽപന്നങ്ങൾ മുഖ്യമായും പ്രാദേശികമായാണ് നിർമിക്കുന്നത്. തങ്ങളുടെ ഫാക്ടറികളിലൂടെ ഇതു ചെയ്യുന്നത് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയ്ക്കുള്ള സംഭാവനകളും നൽകുന്നുവെന്നും ഓറിഫ്ളെയിം സീനിയർ വൈസ് പ്രസിഡൻറും ഇന്ത്യാ, ഇന്തോനേഷ്യ മേധാവിയുമായ എദ്യത കുരേക് പറഞ്ഞു.

ബിസിനസ് കെട്ടിപ്പടുക്കാനാവും വിധത്തിൽ ബ്രാൻഡ് പങ്കാളികളാകുകയോ വെബ്സൈറ്റിൽ നിന്ന് ഉൽപന്നങ്ങൾ നേരിട്ടു വാങ്ങാനാവും വിധം വിഐപി അംഗങ്ങളാകുകയോ ചെയ്യാനുള്ള അവസരമാണ് ഓറിഫ്ളെയിം നൽകുന്നത്.

## സ്മാർട്ട് ലോക്ക് അവതരിപ്പിച്ച് ഐസിഐസിഐ ബാങ്ക്

**കൊച്ചി:** വിവിധ ബാങ്കിങ് സേവനങ്ങൾ തൽസമയം ലോക്ക് ചെയ്യാനും അൺലോക്ക് ചെയ്യാനും സഹായിക്കുന്ന സ്മാർട്ട് ലോക്ക് സംവിധാനത്തിന് ഐസിഐസിഐ ബാങ്ക് തുടക്കം കുറിച്ചു. ഐമൊബൈൽ പേയിൽ ലഭ്യമായ ഈ സൗകര്യം ഫോണോ ഇമെയിലോ വഴി കസ്റ്റമർ കെയർ എക്സിക്യൂട്ടീവിൻറെ സഹായം തേടാതെ തന്നെ പ്രയോജനപ്പെടുത്താം. ഇൻറർനെറ്റ് ബാങ്കിങ്, യുപിഐ. ക്രെഡിറ്റ് ഡെബിറ്റ് കാർഡുകൾ തുടങ്ങിയവ ഇതിലൂടെ ലോക്കോ അൺലോക്കോ ചെയ്യാം. ഉപഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലും കാർഡുകളിലും വഞ്ചനാപരമായ ഇടപാട് ഉണ്ടായാൽ ഈ ഫീച്ചർ ഉപയോഗിക്കാം. ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക ബാങ്കിംഗ് സേവനം ഉപയോഗിക്കാൻ താൽപ്പര്യമില്ലാത്തപ്പോൾ അവർക്ക് അത് സജീവമായി ചെയ്യാൻ കഴിയും.

# വിങ്ങർ ലാൽതൻമാവിയ കേരള ബ്ലാസ്റ്റേഴ്സിൽ

**കൊച്ചി:** മൂന്നു വർഷത്തെ കരാറിൽ വിങ്ങർ ആർ.ലാൽതൻമാവിയെ ടീമിലെത്തിച്ച് കേരളാ ബ്ലാസ്റ്റേഴ്സ് എഫ് സി. ഐലീഗ് ടീമായ ഐസ്വാൾ എഫ്സിയിൽ നിന്നാണ് അമാവിയ എന്നറിയപ്പെടുന്ന ലാൽതൻമാവിയ കേരളാ ബ്ലാസ്റ്റേഴ്സ് എത്തുന്നത്. കളിയിലെ മികച്ച വൈദഗ്ധ്യവും പന്തടക്കവും കൊണ്ട് വേഗത്തിൽ ആക്രമണങ്ങൾ കെട്ടിപ്പടുക്കാൻ കഴിവുമുള്ള താരമാണ് ലാൽതൻമാവിയ.മിസോറാമിൽ ജനിച്ച ലാൽതൻമാവിയ ഐസ്വാൾ എഫ്സിയുടെ അണ്ടർ14 ടീമിലൂടെ ആണ് തന്റെ പ്രൊഫഷണൽ കരിയർ ആരംഭിച്ചത്. ക്ലബിന്റെ യൂത്ത് സംവിധാനത്തിലൂടെ വളർന്ന ലാൽതൻമാവിയ ഐസ്വാളിന്റെ യൂത്ത് ടീമുകളിലൂടെ മുന്നേറി, ഒടുവിൽ 2022/23 ഐലീഗ് സീസണിൽ ഐസ്വാൾ എഫ്സിയുടെ സീനിയർ ടീമിൽ ഇടം നേടി. ആ സീസണിൽ 20 ഐലീഗ് മത്സരങ്ങളിൽ നിന്ന് 3 ഗോളുകളും 5 അസിസ്റ്റുകളും നൽകുകയും ചെയ്തു. അതിനുശേഷം, ഐലീഗ്, സൂപ്പർ കപ്പ് തുടങ്ങിയ മത്സരങ്ങളിൽ ഐസ്വാൾ എഫ്സിയെ പ്രതിനിധീകരിച്ച് ടീമിലെ സ്ഥിര അംഗമായി. ഐസ്വാൾ എഫ് സിക്കായി 42 മത്സരങ്ങളിൽ നിന്നായി 5 ഗോളുകളും 8 അസിസ്റ്റുകളും നേടിയിട്ടുണ്ട്. യുവ കളിക്കാരനായ




ലാൽതൻമാവിയയ്ക്ക് സ്ക്വാഡിനായി മികച്ച മുന്നേറ്റങ്ങൾ നടത്താൻ സാധിക്കുമെന്ന് കരോലിസ് സ്കിൻകിസ് പറഞ്ഞു.

അദ്ദേഹം ഒരുപാട് മേഖലകളിൽ ഇനിയും മികച്ചതാവേണ്ടതുണ്ട്, അതേസമയം അദ്ദേഹത്തിന്റെ കഴിവുകൾ എന്തൊക്കെയാണെന്ന് ഞങ്ങൾക്ക് അറിയാം, അതുകൊണ്ട് തന്നെ അദ്ദേഹം മികച്ചതാകുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ടെന്നും കരോലിസ് സ്കിൻകിസ് കൂട്ടിച്ചേർത്തു.കേരള ബ്ലാസ്റ്റേഴ്സ് എഫ്സി പോലൊരു വലിയ ക്ലബിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് ലാൽ തൻമാവിയ പറഞ്ഞു.ഇത് എനിക്ക് ഒരു വലിയ അവസരമാണ്, എന്റെ കഴിവിൽ വിശ്വാസം പ്രകടിപ്പിച്ചതിന് ക്ലബ് മാനേജ്മെന്റിനോട് ഞാൻ നന്ദിയുള്ളവനാണ്. വരാനിരിക്കുന്ന സീസണിൽ എനിക്ക് സാധ്യമായ എല്ലാ വിധത്തിലും ഞാൻ ടീമിന്റെ വിജയത്തിനായി സംഭാവന നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ലാൽതൻമാവിയയുടെ വരവ് ടീമിന്റെ മുന്നേറ്റ നിരയെ കൂടുതൽ ശക്തിപ്പെടുത്തും. തായ്ലൻഡിൽ ജൂലൈ 3 മുതൽ തുടങ്ങുന്ന പ്രീസീസൺ സ്ക്വാഡിനൊപ്പം ലാൽതൻമാവിയ ചേരും.






# പുതിയ പെർഫ്യൂമുകൾ വിപണിയിലവതരിപ്പിച്ച് സ്കിൻ ബൈ ടൈറ്റൻ

**കൊച്ചി:** മുൻനിര സുഗന്ധലേപന ബ്രാൻഡ് ആയ സ്കിൻ ബൈ ടൈറ്റൻ ഒരു ദശാബ്ദം പിന്നിട്ടത് ആഘോഷിക്കാനായി രണ്ടു പുതിയ പെർഫ്യൂമുകൾ അവതരിപ്പിക്കുന്നു. സുഗന്ധലേപന വിപണിൽ കഴിഞ്ഞ പത്തു വർഷങ്ങളായി ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന സ്കിനിൻറെ ഉത്പന്നങ്ങളായ റോ, സെലസ്റ്റെ എന്നിവയെ ആദരിച്ചു കൊണ്ട് റോ ഇൻസ്റ്റിങ്ക്റ്റ്, സെലസ്റ്റെ ബിയോണ്ട് എന്നീ രണ്ട് പുതിയ പെർഫ്യൂമുകളാണ് പുറത്തിറക്കുന്നത്. വരുന്ന രണ്ടു വർഷങ്ങളിൽ ആറു ദശലക്ഷം ഉപഭോക്താക്കളെയും 500 കോടി രൂപയുടെ വരുമാനവുമാണ് സ്കിൻ ബൈ ടൈറ്റൻ ലക്ഷ്യമിടുന്നത്.വ്യത്യസ്തമായ അനുഭവങ്ങൾ ലഭ്യമാക്കുന്നവയാണ് റോ ഇൻസ്റ്റിങ്ക്റ്റും സെലസ്റ്റെ ബിയോണ്ടും. പുരുഷൻമാർക്കു വേണ്ടിയുള്ള റോ ഇൻസ്റ്റിങ്ക്റ്റ് ശക്തമായ സുഗന്ധവ്യഞ്ജനങ്ങൾക്കൊപ്പം തണുത്ത സമുദ്ര സുഗന്ധവും ഒത്തുചേരുന്ന ആകർഷകമായ വാസനയുമായാണ് എത്തുന്നതെന്ന് ടൈറ്റൻ കമ്പനിയുടെ ഫ്രാഗ്രൻസ് ആൻറ് അസസ്സറി ഡിവിഷൻ സിഇഒ മനീഷ് ഗുപ്ത പറഞ്ഞു. ഹോട്ട് സ്പൈസസും കടലിൻറെ പുതുമയും സന്തുലിതമായി നൽകുന്ന സൗമ്യതയാണിതിലുള്ളത്. പ്രഹേളികയൊരുക്കുന്ന സുഗന്ധവുമായെത്തുന്ന സെലസ്റ്റെ ബിയോണ്ട് വനിതകൾക്കായുള്ള ഒരു ബഹുമുഖ പൂച്ചെണ്ടു പോലെയാണ്. ഇന്ത്യയിലെ പ്രീമിയം സുഗന്ധലേപന മേഖലയിൽ തങ്ങളുടെ ഏറ്റവും വിൽപനയുള്ള ഉത്പന്നങ്ങളാണ് റോയും സെലസ്റ്റെയും. അവയുടെ ജനപ്രിയതയെ ആദരിക്കുകയാണ് റോ ഇൻസ്റ്റിങ്ക്റ്റ്, സെലസ്റ്റെ ബിയോണ്ട് എന്നീ പുതിയ പെർഫ്യൂമുകളുടെ അവതരണത്തിലൂടെ. ഈ വിഭാഗത്തിലെ മുൻനിരക്കാരാകാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.റോ ഇൻസ്റ്റിങ്ക്റ്റും സെലസ്റ്റെ ബിയോണ്ടും സെശീ.ശി, അംഗീകൃത ഡീലർമാർ, പ്രമുഖ ഇകോമേഴ്സ് പോർട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും 100 എംഎൽ ബോട്ടിലിന് 2895 രൂപയ്ക്ക് ലഭിക്കും.

# വിൽപനാന്തര സേവനത്തിൽ ഒന്നാമതായി ഗോദ്റെജ് അപ്ലയൻസസ്

**കൊച്ചി:** ഗോദ്റെജ് ആൻറ് ബോയ്സിൻറെ ബിസിനസ് യൂണിറ്റായ ഗോദ്റെജ് അപ്ലയൻസസ് വിൽപനാന്തര സേവനത്തിൽ ഒന്നാം സ്ഥാനക്കാരെന്ന റേറ്റിങ്ങിന് അർഹരായി. ഹോം അപ്ലയൻസസ് വിഭാഗത്തിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിലാണിത്. ഗോദ്റെജ് അപ്ലയൻസസ് കമ്മീഷൻ ചെയ്തതും നെൽസൺ ഐക്യു 12 ഇന്ത്യൻ നഗരങ്ങളിലായി നടത്തിയതുമായ കസ്റ്റം പഠനമാണ് ഇതു വ്യക്തമാക്കിയത്. ഉപഭോക്താക്കളുടെ സംതൃപ്തിയാണ് ഗോദ്റെജിൽ തങ്ങൾ ഏറ്റവും പ്രാധാന്യത്തോടെ കാണുന്നതെന്ന് ഇതേക്കുറിച്ചു സംസാരിച്ച ഗോദ്റെജ് അപ്ലയൻസസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറും ബിസിനസ് മേധാവിയുമായ കമൽ നന്ദി പറഞ്ഞു.

# അർമി ഇൻഫോടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്കും സർക്കാരിന്റെയും പൊതുമേഖലകളുടെയും പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വകാര്യ മേഖല സ്ഥാപനങ്ങൾക്കും ഐടി ഇൻഫ്രാസ്ട്രക്ച്ചർ സൊല്യൂഷൻ , ഐടി മാനേജ്മെന്റ് സേവനങ്ങൾ ലഭ്യമാക്കുന്ന കമ്പനിയും ഗുജറാത്തിൽ ശ്രദ്ധേയ സാന്നിദ്ധ്യവുമായ അർമി ഇൻഫോടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 250 കോടി രൂപയുടെ പുതിയ ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എന്എസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഖണ്ഡ്വാലാ സെക്യൂരിറ്റീസ് ലിമിറ്റഡ്, സാഫ്രോൺ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# കുഞ്ഞു താരങ്ങളുടെ ആഘോഷ വേദിയായി ലുലു ഫൺടൂറ ലിറ്റിൽ സ്റ്റാർ

**കൊച്ചി :** വീട്ടിലെ കുഞ്ഞുതാരങ്ങൾക്ക് നാടറിയുന്ന സൂപ്പർതാരങ്ങളാകാൻ അവസരം ഒരുങ്ങിയ ലുലു ഫൺടുറ ലിറ്റിൽ സ്റ്റാറിൽ പങ്കെടുത്ത് ആയിരത്തോളം കുരുന്നുകൾ. കൊച്ചി ലുലുവിൽ നടന്ന ടാലന്റ് ഹണ്ടിൽ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള നിരവധി വിദ്യാർത്ഥികളാണ് ഭാഗമായത്.

അഞ്ച് മുതൽ പതിനഞ്ച് വരെ പ്രായമുള്ള കുട്ടികൾക്കായാണ് അവസരം ഒരുക്കിയിരുന്നത്. സംഗീതം, നൃത്തം, ഇൻസ്ട്രമെന്റ്സ്, പെയിന്റിങ്ങ്, സ്റ്റാൻഡ് അപ് കോമഡി തുടങ്ങി വിവിധ രംഗങ്ങളിൽ മിടുക്കു തെളിയിച്ച് കുട്ടികൾ വേദി ആഘോഷമാക്കി. ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും ട്രോഫിയും, തിരുവനന്തപുരം സ്വദേശി ശൃംഖ കിരൺ നേടി.അങ്കമാലി സ്വദേശി ജാക്സൺ ഫിലിപ്പ് രണ്ടാം സ്ഥാനവും ചോറ്റാനിക്കര സ്വദേശി ശ്രീഹരി സി.എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മുഖ്യാതിഥിയായ നടി നമിത പ്രമോദ് വിജയികൾക്ക് ക്യാഷ്പ്രൈസും ട്രോഫിയും സമ്മാനിച്ചു.സിനിമാതാരങ്ങളായ ഗോകുൽ സുരേഷും അനാർക്കലി മരക്കാരും ചേർന്ന് ഫൈനലിസ്റ്റുകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മീനാക്ഷി രവീന്ദ്രൻ, രാഖിമ ശ്രീജിത്ത്, വിവേകാനന്ദ് വി എന്നിവരടങ്ങിയതായിരുന്നു ജഡ്ജിങ് പാനൽ.

ഓൺലൈൻ വഴി നിരവധി പേരാണ് ലുലു ഫൺടുറ ലിറ്റിൽ സ്റ്റാറിലേക്ക് രജിസ്ടർ ചെയ്തത്. ആയിരത്തോളം അപേക്ഷകരിൽ നിന്ന് പത്ത് കുട്ടികളാണ് ഫൈനൽ റൗണ്ടിൽ എത്തിയത്.ലുലു ഇന്ത്യ കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, സീനിയർ ഓപ്പറേഷൻസ് മാനേജർ ഒ സുകുമാരൻ, ഫൺടൂറ ജനറൽ മാനേജർ അംബികാപതി , സജീവ് ജോർജ്എന്നിവർ ചടങ്ങിൽ സന്നിഹിതരായി.

# ഇസാഫ് ബാങ്കിന്റെ ഡബ്ബാ സേവിങ്സ് അക്കൗണ്ട് പദ്ധതിക്ക് ആഗോള അംഗീകാരം

## കാൻസ് ലയൺസ് ഇന്റർനാഷനൽ ഫെസ്റ്റിവൽ ഓഫ് ക്രിയേറ്റിവിറ്റിയിൽ വെങ്കല മെഡൽ

**കൊച്ചി:** ബാങ്കിങ് സേവനങ്ങൾ ലഭ്യമല്ലാത്ത മേഖലകളിലെ സ്ത്രീകൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഡബ്ബാ സേവിങ്സ് അക്കൗണ്ട് പദ്ധതിക്ക് രാജ്യാന്തര പുരസ്കാരം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സർഗാത്മക ആശയങ്ങളുടെ മത്സര വേദിയായ കാൻസ് ലയൺസ് ഇന്റർനാഷനൽ ഫെസ്റ്റിവൽ ഓഫ് ക്രിയേറ്റിവിറ്റിയിൽ ഇസാഫിന്റെ ഈ പദ്ധതിക്ക് വെങ്കല മെഡൽ ലഭിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന വിഭാഗത്തിലാണ് ഡബ്ബാ സേവിങ്സ് അക്കൗണ്ട് പദ്ധതി അംഗീകരിക്കപ്പെട്ടത്.

കഴിഞ്ഞ വർഷം ഒക്ടോബറിലാണ് ഇസാഫ് ബാങ്ക് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ചുരുങ്ങിയ കാലയളവിൽ, സ്വന്തമായി ബാങ്ക് അക്കൗണ്ടില്ലാത്ത ആയിരക്കണക്കിന് ഗ്രാമീണ വനിതകളാണ് ഈ പദ്ധതിയിലൂടെ മികച്ച ബാങ്കിങ് സേവനങ്ങളുടെ ഭാഗമായത്. കയ്യിൽ ബാക്കി വരുന്ന പണം വീട്ടിലെ അരി സംഭരണിയിൽ (ഡബ്ബ) രഹസ്യമായി ഒളിപ്പിച്ചുവയ്ക്കുന്ന സ്ത്രീകളുടെ പരമ്പരാഗത രീതിയെ സർഗാത്മകമായി ഉപയോഗപ്പെടുത്തിയാണ് ഇസാഫ് ഈ പദ്ധതി ആവിഷ്ക്കരിച്ചത്.

ഇതിനായി അയൽക്കൂട്ടങ്ങൾ വഴി ഇസാഫ് ബാങ്ക് പ്രത്യേകം തയ്യാറാക്കിയ ഡബ്ബകൾ സ്ത്രീകൾക്ക് സൗജന്യമായി വിതരണം ചെയ്തു. ഈ ഡബ്ബകളിൽ അരിക്കൊപ്പം പണം കൂടി സൂക്ഷിക്കാൻ പ്രത്യേക രഹസ്യ അറയും ഒരുക്കിയിരുന്നു. ഓരോ വീടുകളിലും ഈ ഡബ്ബയിൽ ശേഖരിക്കുന്ന പണം എല്ലാ മാസവും ബാങ്ക് ജീവനക്കാരെത്തി അക്കൗണ്ടിൽ ചേർക്കും. നിരവധി സ്ത്രീകൾക്ക് ഈ പദ്ധതി വഴി ബാങ്കിങ് സേവനമെത്തിക്കാൻ ഇസാഫിന് കഴിഞ്ഞു. മൈക്രോ എടിഎം സേവനം ലഭ്യമായ കടകളിൽ നിന്ന് അധാർ ബയോമെട്രിക് സംവിധാനം വഴി വിരലടയാളം ഉപയോഗിച്ച് പണം പിൻവലിക്കാനും ഈ അക്കൗണ്ട് ഉടമകൾക്ക് കഴിയും. വലിയ വിജയമാതോടെ ഈ പദ്ധതി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് ഇസാഫ് ബാങ്ക്.

'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ ലഘു സമ്പാദ്യങ്ങൾ മൈക്രോ ബാങ്കിങ്ങിന്റെ സുരക്ഷിതത്വത്തിലേക്ക് കൊണ്ടുവരാൻ ഡബ്ബാ സേവിങ്സ് അക്കൗണ്ടിലൂടെ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് സാധിച്ചു. സുരക്ഷിതമായ സേവിങ്സ് പദ്ധതിയെന്ന നിലയിൽ, ഡബ്ബാ സേവിങ്സ് അക്കൗണ്ടിന്റെ ഗുണങ്ങൾ രാജ്യവ്യാപകമാക്കാനാണ് ബാങ്ക് ശ്രമിക്കുന്നത്.' ഇസാഫ് സ്മോൾ ഫിനാൻസ് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പറഞ്ഞു.

# പിതാവ് കുട്ടികളുടെ റോൾ മോഡൽ



**ഡോ. ലിഷ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്,
പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്

കുട്ടികളെ നോക്കേണ്ട ഉത്തരവാദിത്വം കൂടുതലും ഏറ്റെടുക്കേണ്ടത് അമ്മമാരാണ് എന്ന ചിന്തയാണ് അടുത്തകാലം വരെ സമൂഹത്തിലുണ്ടായിരുന്നത്. അതിനുവേണ്ടി സ്വന്തം ഇഷ്ടങ്ങളും തൊഴിലുമെല്ലാം ത്യജിക്കേണ്ടി വരുന്നതും കൂടുതൽ അമ്മമാർക്കാണ്. ഭിന്നശേഷിയുള്ള കുട്ടികളാകുമ്പോൾ പ്രത്യേകിച്ച്. അമ്മയ്ക്കും കുട്ടികൾക്കുമിടയിൽ അച്ഛൻ എന്നൊരാൾ ഉണ്ടെങ്കിലും വൈകാരികമായ ഒരു അസാന്നിധ്യം പലർക്കും അനുഭവപ്പെടാറുണ്ട്. അന്നദാതാവ് എന്ന നിലയിൽ മാത്രം അച്ഛന്റെ റോൾ ഒതുങ്ങിപ്പോകുന്നതാണ് അതിന്റെ കാരണം. സാമ്പത്തികകാര്യങ്ങളിലും കുട്ടികളെ അച്ചടക്കം പഠിപ്പിക്കുന്നതിലും മാത്രം പിതാവ് ഇടപെട്ടാൽ മതിയാകും എന്ന തെറ്റായ ധാരണ സമൂഹത്തിലുണ്ട്. എന്നാൽ കുട്ടികളുടെ മാനസികവും വൈകാരികവുമായ വളർച്ചയിൽ പകരംവെയ്ക്കാനില്ലാത്ത സ്ഥാനമാണ് അച്ഛനുള്ളത്.

**അച്ഛന്റെ അഭാവമുണ്ടാക്കുന്ന വിടവുകൾ**

പുരുഷന്മാരും സ്ത്രീകളും വേറിട്ട രീതികളിലാണ് ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത്. കുട്ടികളുടെ കാര്യത്തിൽ അവർ രണ്ടുപേരും സജീവമായി ഇടപെടുമ്പോൾ വ്യത്യസ്തകാഴ്ചപ്പാടുകൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും കുട്ടികൾക്കും സാധിക്കും. ഏതെങ്കിലുമൊരാളുടെ തണലിൽ മാത്രം വളരുന്നവരിൽ ഒരു വിടവ് പ്രത്യക്ഷമാകാറുണ്ട്. ഉദാഹരണത്തിന്, വിദ്യാഭ്യാസ കാര്യങ്ങളിൽ അച്ഛന്റെ ശ്രദ്ധയും കൂടി കിട്ടുന്ന കുട്ടികൾ കൂടുതൽ മികവ് പുലർത്താറുണ്ട്. അച്ഛന്റെ ശ്രദ്ധ കൂടി കിട്ടുന്ന കുട്ടികളെക്കുറിച്ച് സ്കൂളിൽ നിന്ന് അധികം പരാതികളുണ്ടാകാറുമില്ല. മാനസികവെല്ലുവിളികളോ പഠനവൈകല്യങ്ങളോ നേരിടുന്ന കുട്ടികളാണെങ്കിൽ അച്ഛനിൽ നിന്ന് കിട്ടുന്ന പിന്തുണ വിലമതിക്കാനാവാത്തതായിരിക്കും. കുട്ടികൾ ശരിയായ തൊഴിൽമേഖല തെരെഞ്ഞെടുക്കുന്നതിലും അതിൽ വിജയിക്കുന്നതിലും അച്ഛന് വലിയ പങ്കുണ്ട്.

ഭാവിയിൽ മെച്ചപ്പെട്ട സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനും അച്ഛന്റെ സമീപനം കുട്ടികളെ സഹായിക്കുന്നു. നല്ല സൗഹൃദങ്ങൾ കണ്ടെത്താനും മോശം കൂട്ടുകെട്ടുകളിൽ നിന്ന് അകന്നുനടക്കാനും കുട്ടികൾക്ക് പ്രചോദനമാകും. ഒരു അച്ഛന്റെ കൃത്യമായ ഇടപെടലുകൾ ഇല്ലെങ്കിൽ ലഹരിക്കൂട്ടങ്ങളിൽ കുട്ടികൾ അകപ്പെടാനുള്ള സാധ്യതയേറെയാണ്. വീട്ടിൽ നിന്നുള്ള ഒളിച്ചോട്ടം, അക്രമവാസന, പഠനം ഉപേക്ഷിക്കുന്ന പ്രവണത എന്നിവയെല്ലാം അച്ഛന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ ഒഴിവാക്കാൻ കഴിയും. ലൈംഗിക ചൂഷണത്തിനിരയായി ഡോക്ടർമാരുടെ മുന്നിലെത്തുന്ന മിക്ക കുട്ടികളിലും അച്ഛൻ എന്ന വ്യക്തിയുടെ അസാന്നിധ്യം പ്രകടമാണ്.



കുടുംബത്തിലുണ്ടാകുന്ന പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും അച്ഛൻ എങ്ങനെയാണ് പരിഹാരം കണ്ടെത്തുന്നതെന്ന് കണ്ടാണ് കുട്ടികൾ പഠിക്കുന്നത്. ശാന്തതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ മക്കളുടെ സ്വഭാവത്തിലും അതേ വൈകാരിക പക്വതയും സമചിത്തതയും ഉണ്ടാകാറുണ്ട്. വയലൻസും ബഹളവും കൂടുതൽ പ്രശ്നങ്ങളുമാണ് അച്ഛന്റെ ഭാഗത്ത് നിന്നുണ്ടാകുന്നതെങ്കിൽ അതും കുട്ടികളുടെ വ്യക്തിത്വത്തിൽ പ്രതിഫലിക്കും.

**അച്ഛൻ എന്ന റോൾ മോഡൽ**

അച്ഛൻ അമ്മയോട് എങ്ങനെ പെരുമാറുന്നുവോ, അതുപോലെയായിരിക്കും ആൺകുട്ടികൾ വലുതാവുമ്പോൾ അവരുടെ പങ്കാളികളോടും പെരുമാറുക. പെൺകുട്ടികളാണെങ്കിൽ, അവരുടെ ഭാവിപങ്കാളിയിൽ നിന്ന് എന്തൊക്കെയാണ് പ്രതീക്ഷിക്കേണ്ടതെന്ന് പഠിക്കുന്നത് അച്ഛന്റെ പെരുമാറ്റം കണ്ടാവണം. മറ്റ് പുരുഷന്മാർ തന്നോട് എങ്ങനെ പെരുമാറണം എന്ന അടിസ്ഥാന ബോധം വളർത്താൻ അവർ അച്ഛനെയാണ് മാതൃകയാക്കുക. ടോക്സിക് ആയ ബന്ധങ്ങളിൽ അകപ്പെടാതിരിക്കാൻ ഇതവരെ സഹായിക്കും. പോസിറ്റീവായ ഒരച്ഛന്റെ സാമീപ്യമുള്ള കൗമാരക്കാർക്കിടയിൽ വിവാഹേതരഗർഭധാരണം, കുറ്റകൃത്യ വാസന, വിഷാദം എന്നിവയിൽ വലിയ കുറവുണ്ടെന്ന് പഠനങ്ങൾ പറയുന്നു. വീട്ടിലെ അടുക്കളകാര്യങ്ങളിൽ തുല്യമായ പങ്കുവഹിക്കുകയും അമ്മയോട് സ്നേഹത്തോടെ പെരുമാറുകയും ചെയ്യുന്ന അച്ഛന് കുട്ടികളുടെ ജീവിതത്തിലും വലിയ സ്വാധീനമുണ്ടാക്കാൻ കഴിയും.

എല്ലാ അർത്ഥത്തിലും ഒരു റോൾ മോഡൽ ആകുന്ന വ്യക്തിയാണ് അച്ഛൻ. കുട്ടികൾ വലുതാകുമ്പോൾ അവരുടെ ചിന്തകളിലും അവർ സ്വന്തമായി എടുക്കുന്ന തീരുമാനങ്ങളിലും ജീവിതത്തിലെ വെല്ലുവിളികളെ നേരിടുന്ന രീതികളിലുമെല്ലാം ഒരച്ഛന്റെ കയ്യൊപ്പ് എപ്പോഴുമുണ്ടാവും. ഉത്തരവാദിത്വബോധം, വിനയം, സത്യസന്ധത, സ്വയം നിയന്ത്രിക്കാനുള്ള ശേഷി ഇതെല്ലാം അച്ഛനിൽ നിന്ന് വളരെ ചെറുപ്പത്തിലേ കുട്ടികൾ പഠിക്കുന്നു.

കുട്ടികളുടെ കാര്യത്തിൽ അമ്മയും അച്ഛനും ഒരുപോലെ ഇടപെടുമ്പോൾ പോസിറ്റീവായ പല മാറ്റങ്ങളും കാണാറുണ്ട്. കുട്ടികളുടെ പഠനം, തൊഴിൽ, സാമൂഹികജീവിതം, മാനസിക, വൈകാരിക വളർച്ച, പക്വത എന്നിവയിലെല്ലാം ഒരച്ഛന് പകരംവെയ്ക്കാനില്ലാത്ത സ്വാധീനമാണുള്ളത്. കുട്ടികളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുകയും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുന്ന അച്ഛനുണ്ടെങ്കിൽ കുട്ടികളുടെ ജീവിതത്തിൽ അതുറപ്പായും പ്രതിഫലിക്കും. മാത്രമല്ല, അമ്മമാരുടെ മാനസികസമ്മർദ്ദം വളരെ കുറയുകയും ചെയ്യും. അവർക്ക് ജോലിഭാരം കുറയുകയും സ്വന്തം ഇഷ്ടങ്ങൾ പിന്തുടരാനുള്ള അവസരവും കൈവരും.

**അച്ഛൻ അനുഭവിക്കുന്ന മാനസികസമ്മർദ്ദങ്ങൾ**

സാമൂഹികമായ ഒറ്റപ്പെടലും സാമ്പത്തികസമ്മർദ്ദങ്ങളും കാരണം പുരുഷന്മാരും ഒരുപാട് മാനസികഭാരം അനുഭവിക്കുന്നുണ്ട്. അമ്മ മാത്രം കുട്ടികളുടെ കാര്യത്തിൽ ദിവസം മുഴുവൻ വ്യാപൃതരാവുമ്പോൾ, ഭർത്താവുമൊത്ത് സമയം ചെലവഴിക്കാൻ കഴിയാതാവുകയും അവർക്ക് പരസ്പരം തുറന്ന് സംസാരിക്കാനോ അടുത്തിടപഴകാനോ അവസരങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നു. ഇത്തരം കാരണങ്ങളാൽ ദാമ്പത്യജീവിതത്തിൽ വിള്ളലുകൾ ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്.

ഇത്തരം ഘട്ടങ്ങളിൽ അച്ഛനും അമ്മയും മാനസികമായി തകർന്നുപോകാറുണ്ട്. സങ്കടവും കരച്ചിലും ഒക്കെയായിട്ടായിരിക്കും അമ്മമാർ അത് പ്രകടിപ്പിക്കുക. എന്നാൽ ദേഷ്യവും അമർഷവും ഒക്കെയാണ് അച്ഛനിൽ നിന്നുണ്ടാകുക. താൻ കുടുംബത്തിന് വേണ്ടി ഇത്രയൊക്കെ ചെയ്തിട്ടും അതൊന്നും പോരാതെ വരുന്നു എന്ന തോന്നൽ അവരെ ഏറെ വേദനിപ്പിക്കും. എന്നാൽ സ്വന്തം വിഷമങ്ങളെ ഒരിക്കലും മറ്റുള്ളവരുടെ മുൻപിൽ തുറന്നുകാട്ടാനോ സഹായം ചോദിക്കാനോ അവർ തയ്യാറാവില്ല. എല്ലാം ഉള്ളിലൊതുക്കി മൗനിയായി നടക്കുന്നതാണ് മിക്ക പുരുഷന്മാരുടെയും രീതി. കുട്ടികളുടെ ചികിത്സാകാര്യങ്ങളിലും മറ്റും അമ്മമാർ സജീവമായി ഇടപെടുമ്പോഴും അച്ഛൻ അവഗണിക്കപ്പെടുകയോ മാറിനിൽക്കുകയോ ചെയ്യുന്നത് അതുകൊണ്ടാണ്. കുട്ടിയുടെ ചികിത്സയ്ക്കും ഭാവിക്കും ആവശ്യമായ സാമ്പത്തിക ഭദ്രത കണ്ടെത്താനുള്ള നെട്ടോട്ടം പറഞ്ഞറിയിക്കാനാവാത്ത സമ്മർദ്ദമാണ് ഒരു അച്ഛനിലുണ്ടാക്കുന്നത്. അവർ ആസ്വദിച്ചു ചെയ്തിരുന്ന പലകാര്യങ്ങളും അവർക്കും പൂർണമായും ഉപേക്ഷിക്കേണ്ടി വരും. തൊഴിലിടത്തിലെ പ്രകടനം മോശമാകുന്നതിനും, വിഷാദം, ഉത്കണ്ഠ തുടങ്ങിയ പ്രശ്നങ്ങൾക്കും അതിടയാക്കുന്നു. മാത്രമല്ല, കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ വിഷമങ്ങൾക്ക് കാതോർക്കുകയും അവയും തങ്ങളുടേതാക്കി ഏറ്റെടുക്കുകയും ചെയ്യേണ്ടി വരാറുമുണ്ട്. സമൂഹത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും നേരിടേണ്ടി വരുന്ന കളിയാക്കലുകൾക്ക് മറുപടി നല്കാൻ ബാധ്യസ്ഥപ്പെടുന്നതും അച്ഛനാണ്. ഒരച്ഛനെന്ന നിലയിലുള്ള സ്വാഭാവികമായ ഉത്തരവാദിത്വങ്ങൾക്ക് പുറമെയാണ് ഈ ഭാരങ്ങളെല്ലാം.

**ബന്ധങ്ങൾ ദൃഢപ്പെടുത്താം**

പൊതുവെ കുട്ടികൾ കൗമാരത്തിലേക്ക് വളരുമ്പോൾ അമ്മമാരുമായി കൂടുതൽ അടുക്കുകയും അച്ഛനുമായി അകലമുണ്ടാകുകയും ചെയ്യാറുണ്ട്. ഈ സമയം ഓരോ അച്ഛനും അവരുടെ കുട്ടികളുമായുള്ള അടുപ്പം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വമുണ്ട്. എത്ര ജോലിത്തിരക്കുണ്ടെങ്കിലും എല്ലാദിവസവും കുട്ടികളുമായി സമയം ചെലവഴിക്കണം. നിസാരമെന്ന് തോന്നുമെങ്കിലും കുട്ടികളെ സംബന്ധിച്ച് അച്ഛന്റെ ഈ സമീപനം വളരെ സ്പെഷ്യലാണ്. പിന്നീട് അവർ കൗമാരത്തിലും യൗവനത്തിലും എത്തുമ്പോഴും എല്ലാ കാര്യങ്ങളും സുരക്ഷിതമായി അച്ഛനോട് തുറന്നുപറയാനുള്ള വിശ്വാസ്യത രൂപപ്പെടും. ഏത് ദുർഘടഘട്ടത്തിലും അചഞ്ചലമായ പിന്തുണയുമായി അമ്മയോടൊപ്പം അച്ഛനും ഉണ്ടെന്ന തോന്നൽ കുട്ടികൾക്ക് വല്ലാത്തൊരു ധൈര്യം നൽകും.

നമ്മൾ ഒരാളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുമ്പോൾ ആ വ്യക്തിക്ക് നമ്മൾ അത്രയേറെ പ്രാധാന്യം നൽകുന്നുണ്ട് എന്നാണർത്ഥം. ഈ തോന്നൽ സ്വന്തം കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം. അമ്മയോടൊപ്പം ചെലവഴിക്കുന്ന സമയത്തേക്കാൾ കുട്ടികൾ കൂടുതൽ ആസ്വദിക്കുന്നത് അച്ഛനോടൊപ്പമുള്ള നിമിഷങ്ങളാണ്. പോസിറ്റീവായ രീതിയിൽ കുട്ടികളെ അച്ചടക്കം പഠിപ്പിക്കാൻ ഈ സമയം വിനിയോഗിക്കാം. കുട്ടികളെ ശിക്ഷിക്കുന്നതിനുപകരം ശരിതെറ്റുകൾക്കിടയിലുള്ള കൃത്യമായ അതിർത്തികൾ പഠിപ്പിക്കാനും കഴിയും. അതിന് ഒരുപാട് ക്ഷമ ആവശ്യമാണെങ്കിലും, കുട്ടികൾക്ക് കാര്യകാരണങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ട് ശരിതെറ്റുകൾ പറഞ്ഞുമനസ്സിലാക്കുന്ന രീതി തന്നെയാണ് ഏറ്റവും ഫലപ്രദം. ഭാവിയിൽ എല്ലാ കാര്യങ്ങളും അച്ഛനോട് തുറന്നുപറയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കുണ്ടാകണം.

വീട്ടിലെ പ്രധാനപ്പെട്ട തീരുമാനങ്ങളിൽ അച്ഛനാണ് അവസാന വാക്ക്. അമ്മയ്ക്ക് എല്ലായ്പോഴും കാര്യമായ സ്വാധീനം ഉണ്ടാകണമെന്നില്ല. എന്നാൽ ഇത്തരം കാര്യങ്ങളിൽ കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നത് ആശയവിനിമയം കൂടുതൽ സുതാര്യവും സ്വതന്ത്രവുമാകും. ഈ ഉൾപ്പെടുത്തൽ പേരിനുമാത്രമാകരുത്. കുട്ടികൾ പറയുന്ന അഭിപ്രായങ്ങൾ നല്ലതാണെങ്കിൽ സ്വീകരിക്കണം. അതവരുടെ ആത്മവിശ്വാസം വർധിപ്പിക്കും. ഒരുകാര്യത്തിലും മക്കളുടെ അഭിപ്രായം ആരായുന്നില്ലെങ്കിൽ, അവിടെ വലിയൊരു വിടവുണ്ടാകും. ഉൾക്കൊള്ളാനാകാത്ത അഭിപ്രായങ്ങളാണ് ഇത്തരം ചർച്ചകളിൽ ഉയരുന്നതെങ്കിൽ പോലും അവ തുറന്നു ചർച്ച ചെയ്യാനുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കാൻ അച്ഛൻ മുൻകൈയെടുക്കണം.

ചുരുക്കത്തിൽ ഒരു അച്ഛൻ എന്ന നിലയിൽ ഒരു വ്യക്തി സ്വയം ബോധപൂർവം ഏറ്റെടുക്കുന്ന ചില ചെറിയ മാറ്റങ്ങളിലൂടെ ഒരു കുടുംബത്തെ മുഴുവൻ ശോഭനമാക്കാൻ കഴിയും. കുട്ടികൾ വളരുമ്പോഴും അവരുടെ മനസ്സിൽ മായാത്ത മുദ്രകൾ പതിപ്പിക്കാൻ അച്ഛന് കഴിയും. അച്ഛൻ എന്ന വ്യക്തിയില്ലാതെ വളരുകയും അച്ഛനെ വളരെ ചെറുപ്പത്തിലേ നഷ്ടപ്പെടുകയും ചെയ്തവർക്ക് മാത്രമേ ആ വിടവ് എത്രത്തോളമാണെന്ന് മനസ്സിലാകൂ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേരള ആം റെസ്‌ലിങ് അസ്സോസിയേഷൻ

## ദേശീയ ജേതാക്കളായ കേരളാ ടീമിന് അനുമോദനങ്ങൾ

കോലഞ്ചേരി എളൂർ റസിഡൻസിയിൽ കൂടിയ വാർഷിക പൊതുയോഗത്തോട് അനുബന്ധിച്ച് നാഗ്പൂരിൽ വച്ച് നടന്ന ദേശീയ പഞ്ചഗുസ്തി മത്സരത്തിൽ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കിയ കേരള ടീം അംഗങ്ങളെ കേരള ആം റെസ്‌ലിങ് അസ്സോസിയേഷൻ അനുമോദിച്ചു. കേരളം ഈ വർഷം പുരുഷ വനിത വിഭാഗത്തിൽ 72 സ്വർണ മെഡലുകളും, 62 സിൽവർ മെഡലുകളും 46 ബ്രോൺസ് മെഡലുകളും കരസ്ഥമാക്കി. വ്യക്തിഗതവിഭാഗത്തിൽ ചാമ്പ്യൻ ഓഫ് ചാമ്പ്യനായി പുരുഷ വിഭാഗത്തിൽ നിന്നും എറണാകുളം ജില്ലയിൽ നിന്നുള്ള മസാഹിർ സയ്യിദും സബ്ജൂനിയർ ഗേൾസ് വിഭാഗത്തിൽ എറണാകുളം ജില്ലയിൽ നിന്നുള്ള ആഷ്നമോൾ കെ.എ.യും, ജൂനിയർ ഗേൾസ് വിഭാഗത്തിൽ കോഴിക്കോട് നിന്നുള്ള തേജാ പി.ജെ.യും, യൂത്ത് ഗേൾസ് വിഭാഗത്തിൽ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള അക്സ എമി സി. ജോണും ജേതാക്കളായി. കോലഞ്ചേരി നഗരത്തെ ചുറ്റിയുള്ള റാലിയിൽ ജേതാക്കളും അസ്സോസിയേഷന്റെ പുതിയഭാരവാഹികളും അണിനിരന്നു. അസ്സോസിയേഷന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുപ്പിനുശേഷമായിരുന്നു റാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടത്.


**അജു ജേക്കബ്ബ്**
പ്രസിഡന്റ്


**ജോജി എളൂർ**
ജനറൽ സെക്രട്ടറി


**ജോർജ് ഇടപ്പരത്തി**
പ്രസിഡന്റ്, എറണാകുളം ജില്ല


ജോജി എളൂർ



ഷൈജു പി. ജേക്കബ്ബ് (ആർ.ഡി.ഒ. മൂവാറ്റുപുഴ) അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു


അജു ജേക്കബ്ബ്


എൻ. അരുൺ


ജോർജ് ഇടപ്പരത്തി


ആഷ്നമോൾ കെ.എ. അവാർഡ് ഏറ്റുവാങ്ങുന്നു


അക്സ എമി സി. ജോൺ


സമീർ വി.റ്റി.


തേജസ് ജി.


ശ്രീലേഖ കെ.എ.


നവീൻ പോൾ


നോബി കെ.എഫ്.


അഡ്വ. വി. ജോഷി ഫ്രാൻസിസ്


രൂപ പ്രസാദ് എം.


ജിൻസിമോൾ സെബാസ്റ്റ്യൻ


പ്രസാദ് വി.


ലെനിൻ തമ്പി കെ.


സന്ദീപ് റ്റി.


കുഷാൽ ആർ.


റോഷിത് ഇ.


മധു എ.എം.

**കേരളത്തിന് ഈ വർഷം**
**പുരുഷ വനിത വിഭാഗത്തിൽ മെഡലുകൾ**
**72 സ്വർണ്ണം 62 സിൽവർ 46 ബ്രോൺസ്**


ഫെസി മോട്ടി


ബിജു കെ.എം.

സപ്ലിമെന്റ് കോർഡിനേറ്റർ:
മാത്യു കിങ്ങിണിമറ്റം
mathra24hrs@gmail.com
9446687347


കേരള ആം റെസ്‌ലിങ് അസ്സോസിയേഷൻ അനുമോദന സമ്മേളനത്തിൽ പങ്കുചേർന്ന ജേതാക്കളും അസ്സോസിയേഷൻ ഭാരവാഹികളും മുഖാതിഥികളും....
ഇരിക്കുന്നവർ: ബിജു കെ.എം., സെബാസ്റ്റ്യൻ വി. മാത്യു, മനോജ് കോക്കാട്ട്, ജോജി എളൂർ, അജു ജേക്കബ്, ഷൈജു പി. ജേക്കബ്ബ്, എൻ. അരുൺ, ജോർജ് ഇടപ്പരത്തി, ജോഷി ഫ്രാൻസിസ്, പ്രസാദ് വി., റോഷിത് ഇ.